GK/05

## വളയിട്ട കൈകളിലൂടെ പഞ്ചവാദ്യമേളം

ഉത്സവങ്ങൾ കാണാത്ത സ്ത്രീകൾ ഇന്ന് കേരളത്തിൽ വളരെ ചുരുക്കമായിരിക്കാം. സാരി ഞൊറിഞ്ഞുടുത്ത് മുല്ലപ്പൂ ചൂടി താലപ്പൊലിയേന്തി തലയുയർത്തി നിൽക്കുന്ന മലയാളി മങ്കമാർ ഉത്സവങ്ങളിലെ പ്രധാന കാഴ്ച തന്നെയാണ്. എന്നാൽ താലപ്പൊലിക്ക് പകരം ഇവരേന്തുന്നത് ചെണ്ടയും കോലുമാണെങ്കിലോ, തീർച്ചയായും ഇതു സാധാരണമല്ല. ഈ അസാധാരണത്വമാണ് പുതുമകൾ ഇഷ്ടപ്പെടുന്ന കലാസ്വാദകർക്കിടയിലേക്ക് കേളി എന്ന വനിതകളുടെ ചെണ്ടമേള സംഘം ക്ഷണിക്കപ്പെടുന്നതിനുള്ള കാരണവും.

കോട്ടയത്തെ കുമരനല്ലൂർ ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള കേളി വനിതാ ശിങ്കാരി മേളക്കാർക്ക് ഇപ്പോൾ എട്ട് സെറ്റ് യുണിഫോമുണ്ട്. ഒരേ വേദിയിൽ പലവട്ടം പ്രത്യക്ഷപ്പെടുമ്പോൾ മാറി മാറി അണിയാനാണിത്. അഞ്ചു ചെണ്ടയും അഞ്ച് ഇലത്താളവും അഞ്ച് വീക്കൻ ചെണ്ടയുമുപയോഗിച്ചുള്ള വാദ്യമേളമാണ് കേളിയുടെ ശിങ്കാരി മേളത്തിന് കൊഴുപ്പു കൂട്ടുന്നത്.

2007 -ലെ കുമരനല്ലൂർ പഞ്ചായത്തിലെ താളബോധമുള്ള ഏതാനും സ്ത്രീകളെ അണിനിരത്തി ആരംഭിച്ച കുടുംബശ്രീ യുണിറ്റാണ് കേളി. ചിങ്ങവനം കൃഷ്ണൻ കുട്ടി ആശാന്റെ കീഴിൽ പത്ത് മാസത്തെ പരിശീലനം നേടിയ അംഗങ്ങളാണ് കേളിയിലുള്ളത്. ഒരു ലക്ഷം രൂപ വായ്പയെടുത്തുകൊണ്ട് ആരംഭിച്ച സംരംഭത്തിന് അമ്പത് ശതമാനം സബ്സിഡിയും ലഭിച്ചു. ഒരാൾക്ക് ചെലവെല്ലാം കഴിഞ്ഞ് ഒരു പരിപാടിക്ക് അഞ്ഞൂറ് രൂപ ലഭിക്കത്തക്കവിധത്തിലാണ് ഫീസ്. അങ്ങനെ വർഷത്തിൽ നൂറ് ദിവസമെങ്കിലും അഞ്ഞൂറ് രൂപ വീതം വരുമാനമുള്ളവരായി കേളിയുടെ അംഗങ്ങൾ മാറിയിരിക്കുന്നു.

കഴിഞ്ഞ വർഷം ദില്ലിയിൽ സർക്കാർ അതിഥികളായി ശിങ്കാരിമേളം അവതരിപ്പിക്കാൻ ഇവർക്ക് അവസരം ലഭിച്ചിരുന്നു.

ജില്ല - കോട്ടയം
പഞ്ചായത്ത് - കുമരനല്ലൂർ
പ്രസിഡന്റ് - വാസന്തിക്കുട്ടി

Reference No:ജെസി നാരായണൻ (അസി. എസിഡറ്റർ, കുടുംബശ്രീ)
Ph: 0481 - 2310042, 2310058

Nileena